DESPATCHED
On 18/11/21



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ CP No. 920(2)/2020/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ: 6473/SIC-G6/2020)**

**സന്നിഹിതൻ**
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. വി.എസ്. ഹർഷൻ,
വെറുങ്ങോട്ടക്കൽ,
CMC 27, സഹകരണ കോളേജിനു സമീപം,
ചേർത്തല (പി.ഒ),
ആലപ്പുഴ – 688 524.
} പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
വില്ലേജ് ഓഫീസർ, വില്ലേജ് ഓഫീസ്,
കൊക്കോതമംഗലം, ആലപ്പുഴ–688 543.
} എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 02/03/2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 23/03/2020 |
| കമ്മീഷനിൽ പരാതി ഹർജി നൽകിയ തീയതി | 19/06/2020 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 25/06/2020 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 18/06/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 09/07/2021 |
| കമ്മീഷൻ ഹിയറിംഗ് നടത്തിയ തീയതി | 23/10/2021 - ഓഡിയോ |
| ഹിയറിംഗ് സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ | ഹാജരായി |
| എതിർകക്ഷി | ഹാജരായി |

**ഉത്തരവ്**

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. വി.എസ്. ഹർഷൻ, 19/06/2020 തീയതി സമർപ്പിച്ച പരാതി ഹർജി 25/06/2020-ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് CP.No. 920(2)/2020/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ടിയാന്റെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട രേഖകൾ എസ്.പി.ഐ.ഒ ലഭ്യമാക്കിയില്ല എന്ന ആക്ഷേപമാണ് ഉന്നയിച്ചിരിക്കുന്നത്.

3. പരാതി ഹർജിക്കാരൻ 02/03/2020 തീയതിയിൽ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ കൊക്കോതമംഗലം വില്ലേജിൽ 1134 നമ്പർ തണ്ടപ്പേർ അനുസരിച്ച് സർവ്വേ നമ്പർ 41/17, 82/13, 82/15, 43/1, 41/15, 44/10 എന്നീ വസ്തുക്കളുടെ 2010 മുതൽ നാളിതുവരെയുള്ള സെറ്റിൽമെന്റ് രജിസ്റ്റർ, കരം ഒടുക്കുതണ്ടപ്പേർ ടി വസ്തുതകൾ ആരുടെ കൈവശാവകാശത്തിൽ ആണെന്നും കരം ഒടുക്കുതണ്ടപ്പേർ മാറ്റിയിട്ടുണ്ടെങ്കിൽ എന്തിന്റെ അടിസ്ഥാനത്തിൽ മാറ്റി എന്നുള്ള വിശദവിവരങ്ങൾ അറിയിക്കണമെന്നുമാണ്.

മേൽപ്പടി അപേക്ഷയിന്മേൽ 23/03/2020-ന് മറുപടി നൽകിയിട്ടുള്ളതാണ്.

4. എതിർകക്ഷി, കമ്മീഷൻ മുമ്പാകെ 01/07/2021-ൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിൽ ടി കാര്യാലയത്തിൽ നിന്നും 23/03/2020-ൽ ടിയാൻ ആവശ്യപ്പെട്ട രേഖകളുടെ ഫോട്ടോകോപ്പി പകർപ്പിന്റെ ഫീസടക്കുവാൻ ആവശ്യപ്പെട്ടതായി കാണുന്നുവെന്നും എന്നാൽ പ്രസ്തുത കാലയളവിലെ വിവരാവകാശ നിയമം രജിസ്റ്റർ പരിശോധിച്ചതിൽ പകർപ്പുകളുടെ ഫീസടച്ചതായോ ഫീസടച്ച ചലാൻ ലഭിച്ചിരുന്നതായോ കാണുന്നില്ല എന്നും ആയതിനാലാണ് ശ്രീ. ഹർഷന് ടിയാൻ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പ് നൽകാതിരുന്നത് എന്നും ടിയാൻ സമർപ്പിച്ച അപേക്ഷയുടെ പകർപ്പും ടിയാൻ ആവശ്യപ്പെട്ടിരുന്ന രേഖകളുടെ പകർപ്പും ഉള്ളടക്കം ചെയ്തിട്ടുണ്ടെന്നുമാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും രേഖകൾ പരാതിക്കാരനു നൽകാമെന്നു 23/10/2021-ലെ ഓഡിയോ സംവിധാനം വഴി നടത്തിയ ഹിയറിംഗ് വേളയിൽ എസ്.പി.ഐ.ഒ നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ ടി ഹർജിയിന്മേൽ തുടർ നടപടികൾ ആവശ്യമില്ലെന്നു ഉത്തരവാകുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം **2021 ഒക്ടോബർ 23–ാം തീയതി** കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

AV